GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm news: Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/06/2026

1. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന **കേര പദ്ധതിയിലൂടെ** പുനർനടീൽ നടത്തുന്ന റബർ കർഷകർക്ക് ഹെക്ടറിന് 75,000 രൂപ നിരക്കിൽ സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം ലഭ്യമാക്കുന്ന സ്കീമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്ത് 30,000 ഹെക്ടറിലെ പുനർനടീലിലൂടെ 50,000 ത്തോളം റബർ കർഷകർക്ക് സഹായം ലഭ്യമാക്കും. 25 സെന്റ് മുതൽ 5 ഹെക്ടർവരെ റബർ കൃഷിയുള്ള ചെറുകർഷകർക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതാണ് പദ്ധതി. ആദ്യ വർഷം 55,000 രൂപയും രണ്ടാം വർഷം 20,000 രൂപയും ഓരോ കർഷകനും പരമാവധി 2 ഹെക്ടർ വരെയുള്ള റബർ പുനർനടീലിന് ധനസഹായം ലഭിക്കും. ഉത്പാദനക്ഷമത കുറഞ്ഞ പഴയ റബർ മരങ്ങൾ മുറിച്ച് മാറ്റി, ഉത്പാദനക്ഷമതയുള്ളവ

വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ് പദ്ധതി. ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഓരോ നഴ്സറിക്കും പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കും. അപേക്ഷകർ തിരിച്ചറിയൽ രേഖ, ഫോട്ടോ, ബാങ്ക് പാസ് ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിയിടത്തിന്റെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ ഓൺ ലൈനായി സമർപ്പിക്കണം. അപേക്ഷ നൽകേണ്ട ഓൺലൈൻ പോർട്ടൽ– www.keraplantation.kerala.gov.in. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ തിരുവനന്തപുരം (6238450476), 9037824036 (കോട്ടയം), 9037824049 തൃശ്ശൂർ, 9037824047 (കണ്ണൂർ) എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം KSAMM ഓഫീസിൽ നിന്നും വിവിധ ഇനം ഒട്ടുമാവ് തൈകൾ ജൂൺ നാല് മുതൽ വില്പനക്ക് ലഭ്യമാണ്. പോളി ബാഗ് മാവ് ഗ്രാഫ്റ്റ് ഒരെണ്ണത്തിന് വില 125 രൂപ. HDPE ചട്ടിയിൽ മാവ് ഗ്രാഫ്റ്റ് വില ഒന്നിന് 500 രൂപ. ഫോൺ നമ്പർ : 8281200673.

3. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം നോഡൽ ഓഫീസിലേയ്ക്ക് ക്ഷീര

ജാലകം സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ജില്ലയിൽ ഫീൽഡ് തലത്തിൽ ക്ഷീര കർഷകരെയും ക്ഷീര സംഘങ്ങളെയും സഹായിക്കുന്നതിനും ഓൺലൈൻ ജോലികൾ നിർവഹിക്കുന്നതിനും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഒഴിവിലേയ്ക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത – ഹയർ സെക്കൻഡറി/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രായം 01–06–2026 ന് 18നും –40നും ഇടയിൽ. യോഗ്യത സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2026 ജൂൺ 20 വൈകിട്ട് 5 മണിക്ക് മുമ്പായി നേരിട്ടോ, തപാൽ മുഖേനയോ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം –695004 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടിക്കാഴ്ച്ചയ്ക്ക് അർഹരായവരുടെ പട്ടിക ജൂൺ 23 ന് രാവിലെ 11 മണിക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടിക്കാഴ്ച്ച ജൂൺ 26 വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്. ഫോൺ–9446453247, ഇമെയിൽ – qcotvm.dairy@kerala.gov.in, qcotvm@gmail.com

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തവനൂരിൽ പ്രവർത്തിക്കുന്ന കേളപ്പജി കോളേജ് ഓഫ് അഗ്രിച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളോജിലെ എം.ടെക് റിന്യൂവബിൾ എനർജി എഞ്ചിനീയറിംഗ് കോഴ്സിലേക്ക് (RF mode) 2026-27 അധ്യായന വർഷത്തേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അവസാന തിയതി 2026 ജൂൺ 20 വരെയാണ്. ഫോൺ 0494-2686214.

## പരിശീലന പരിപാടി

5. **'കാർഷിക വിളകളിലെ പ്രജനനരീതികൾ - ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലെയറിങ്ങ്"** എന്ന വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **2026 ജൂൺ 23, 24** തീയതികളിലായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറിൽ 22.06.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹1,100/- രൂപ.

## കാർഷിക നിർദ്ദേശം

6. പച്ചക്കറികൾ നടാനുള്ള സമയമാണിത്. കുഴികൾ എടുത്ത്, സെന്റൊന്നിന് രണ്ടരക്കിലോ കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. ഉദ്ദേശം മൂന്നാഴ്ച്ച കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. മുളക്, വഴുതന, പച്ചചീര, വെണ്ട തുടങ്ങിയ വിളകൾ വർഷക്കാലത്ത് നടാൻ യോജിച്ചവയാണ്. അടുക്കളത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. സെന്റിന് 100 കി.ഗ്രാം എന്ന തോതിൽ ജൈവവളം വേണ്ടി വരും. കാലിവളം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എല്ല്പൊടി, പച്ചില, ചാരം, വിവിധതരം പിണ്ണാക്കുകൾ തുടങ്ങിയവ ഉപയോഗിക്കാം. ജൈവവളങ്ങളോടൊപ്പം രാസവളങ്ങളും നൽകാം. സെന്റൊന്നിന് 1 കിലോഗ്രാം യൂറിയ, 1.25 കി.ഗ്രാം മസ്സൂറിഫോസ്, 500 ഗ്രാം പൊട്ടാഷ് ഇവ പല തവണകളായി ചേർത്തുകൊടുക്കാം. നേർവളങ്ങൾക്കു പകരം പച്ചക്കറി വിളകൾക്കായുള്ള മിശ്രിതവും ചേർക്കാം. നൈട്രജൻ വളങ്ങൾ കൂടുതലുപയോഗിക്കുന്നത് രോഗകീടങ്ങൾക്ക് വഴിയൊരുക്കും.